## 1237

ഇന്നു പകൽ മുഴുവൻ കരുണയോടെന്നെ സൂക്ഷിച്ചവനേ!
നന്ദിയോടെ തിരുനാമത്തിന്നു സദാ വന്ദനം ചെയ്തിടുന്നേൻ

1 അന്നവസ്ത്രാദികളും സുഖം ബലമെന്നിവകൾ സമസ്തം
തന്നടിയാനെ നിത്യം പോറ്റിടുന്ന ഉന്നതൻ നീ പരനേ-

2 മന്നിടം തന്നിലിന്നും പലജനം ഖിന്നരായ് മേവിടുമ്പോൾ
നിന്നടിയാനു സുഖം തന്ന കൃപ വന്ദനീയം പരനേ-

3 തെറ്റു കുറ്റങ്ങളെന്നിൽ വന്നതളവറ്റ നിന്റെ കൃപയാൽ
മുറ്റും ക്ഷമിക്കണമേ അടിയാനെ ഉറ്റു സ്നേഹിപ്പവനേ-

4 എൻ കരുണേശനുടെ ബലമെഴും തങ്കനാമമെനിക്കു
സങ്കേതപട്ടണമാം അതിലഹം ശങ്കയെന്യേ വസിക്കും-

5 വല്ലഭൻ നീയുറങ്ങാതെ നിന്നെന്നെ നല്ലപോൽ കാത്തിടുമ്പോൾ
ഇല്ല രിപുഗണങ്ങൾക്കധികാരമല്ലൽ പെടുത്തിടുവാൻ-

6 ശാന്തതയോടു ഞാനും നിൻസന്നിധൗ ചന്തമായിന്നുറങ്ങി
സന്തോഷമോടുണരേണം ഞാൻ തിരുകാന്തി കണ്ടുല്ലസിപ്പാൻ-
**P.V.T.**